# L.S.S. EXAMINATION, FEBRUARY - 2020
## എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2020
### (Paper - I) (പേപ്പർ – I)

രജിസ്റ്റർ നമ്പർ

| | | | | | | |
|---|---|---|---|---|---|---|
| അക്കത്തിൽ | | | | | | |
| അക്ഷരത്തിൽ | | | | | | |

സമയം : 1½ മണിക്കൂർ

ആകെ സ്കോർ : 40


# L.S.S. EXAMINATION, FEBRUARY - 2020
## എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2020
### (Paper - I) (പേപ്പർ – I)


ഓഫീസ് ഉപയോഗത്തിന് വേണ്ടി (For office use only)

**പൊതു നിർദ്ദേശങ്ങൾ :**

1. 10.15 മണി മുതൽ 12.00 മണി വരെയാണ് പരീക്ഷാ സമയം.
   The time of examination is from 10.15 a.m. to 12.00 p.m.
2. ആദ്യത്തെ 15 മിനിട്ട് സമാശ്വാസ സമയമാണ്. ചോദ്യങ്ങൾ വായിച്ച് മനസ്സിലാക്കുന്നതിന് ഈ സമയം ഉപയോഗപ്പെടുത്തേണ്ടതാണ്.
   The first 15 minutes will be cool-off time. This time should be used for reading the questions carefully.
3. പേപ്പർ ഒന്നിലെ ചോദ്യങ്ങൾ മൂന്നുഭാഗങ്ങളായി ഉൾപ്പെടുത്തിയിരിക്കുന്നു. പാർട്ട് (എ) ഒന്നാംഭാഷ – (മലയാളം), പാർട്ട് (ബി) – (ഇംഗ്ലീഷ്), പാർട്ട് (സി) – (പൊതുവിജ്ഞാനം).
   Paper I includes 3 parts. Part A - (Malayalam), Part B - (English) and Part C - (General Knowledge).
4. എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.
   Answer all the questions in the space provided in the question paper.
5. പാർട്ട് സി – പൊതുവിജ്ഞാന ചോദ്യങ്ങൾ മലയാളം / ഇംഗ്ലീഷ് മാധ്യമങ്ങളിലായി തൊട്ടടുത്തു വരുന്ന പേജുകളിൽ ഉൾപ്പെടുത്തിയിരിക്കുന്ന വിദ്യാർത്ഥികൾ തങ്ങളുടെ മീഡിയത്തിലെ പേജിൽ ഉത്തരം എഴുതേണ്ടതാണ്.
   Part C - General Knowledge questions of Malayalam Medium and English Medium are given in separate pages. Candidate must answer in the pages selected as their medium.
6. ബുക്ക്‌ലെറ്റിൽ ഏതെങ്കിലും വിധത്തിലുള്ള വ്യക്തിവിവരങ്ങളോ, അടയാളങ്ങളോ രേഖപ്പെടുത്താൻ പാടില്ല.
   Identification marks or any other marks of such kind should not be written on the booklet.
7. ബുക്ക്‌ലെറ്റ് ഇൻവിജിലേറ്ററെ ഏൽപിച്ചതിനുശേഷം മാത്രമേ പരീക്ഷഹാൾ വിട്ട് പുറത്ത പോകുവാൻ പാടുള്ളൂ.
   Candidates should handover the booklet to the invigilator before leaving the examination hal

P.T.O

# L.S.S. EXAMINATION, FEBRUARY - 2020

# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2020

## (പേപ്പർ - I) (പാർട്ട് - എ)

## മലയാളം

**ആകെ സ്കോർ : 20**

- 1 മുതൽ 12 വരെയുള്ള ചോദ്യങ്ങളാണ് മലയാളത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.
- ഓരോ ചോദ്യത്തിനു നേരേയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.
- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്.

1. (1 സ്കോർ)
   - ഗണേശസ്തുതിയോടും സരസ്വതീവന്ദനത്തോടും കൂടിയാണ് ഈ കളി ആരംഭിക്കുന്നത്.
   - നാടൻ പാട്ടുകളും കഥകളിപ്പദങ്ങളും ഈ കളിക്ക് ഉപയോഗിക്കാറുണ്ട്.
   - വട്ടത്തിൽ നിന്നാണ് കളിക്കുന്നത്.
   - സ്ത്രീകളാണ് കളിക്കാർ.

   മുകളിൽ കൊടുത്ത പ്രസ്താവനകൾ ഏതു നൃത്തരൂപത്തെക്കുറിച്ച് ഉള്ളതാണ് ?

   ഉത്തരം :

2. ഞാൻ വഴിയിൽ വെച്ച് ________ കണ്ടു. (സുഹൃത്ത് ) (1 സ്കോർ)

   ഞാൻ വഴിയിൽ വെച്ച് സുഹൃത്തിനെ കണ്ടു.

   ഈ മാതൃകയനുസരിച്ച് താഴെ കൊടുത്ത വാചകം പൂർത്തിയാക്കുക.

   ശാരിക ________ സംശയം ചോദിച്ചു. (അധ്യാപിക)

   ഉത്തരം :

3. മഞ്ഞ് + കാലം - മഞ്ഞുകാലം (1 സ്കോർ)

   നീല + മല - നീലമല

   ഇതുപോലെ താഴെ കൊടുത്ത പദങ്ങൾ ചേർത്തെഴുതുക.

   മഴ + തുള്ളി -

   ഉത്തരം :

(1 സ്കോർ)

4. • കുട്ടികൾക്ക് പ്രിയങ്കരനായ കവി.
• പഴഞ്ചൊല്ലുകളെ കവിതയാക്കുന്നതിൽ സമർഥൻ.
• പഴമൊഴിപ്പത്തായം എന്ന പുസ്തകത്തിന്റെ രചയിതാവ്.
• കുട്ടേട്ടൻ എന്ന പേരിലും എഴുതിയിട്ടുണ്ട്.

മുകളിൽ കൊടുത്ത സൂചനകൾ ഏതു മലയാള കവിയ്ക്കാണ് യോജിക്കുന്നത് ?

ഉത്തരം :

(1 സ്കോർ)

5. നേരം പരപരാ വെളുത്തു.
മഴ ചറപറാ പെയ്തു.
ഇതുപോലെ ഉചിതമായ പ്രയോഗം ചേർത്ത് താഴെ കൊടുത്ത വാചകം പൂരിപ്പിക്കുക.
ഹൃദയം __________ മിടിച്ചു.

ഉത്തരം :

**6 മുതൽ 10 വരെയുള്ള ചോദ്യങ്ങൾക്കുള്ള ഉത്തരങ്ങൾ തന്നിട്ടുള്ളവയിൽ നിന്നും തെരഞ്ഞെടുത്ത് എഴുതുക. ഓരോന്നിനും ഒരു സ്കോർ വീതം.**

6. താഴെ കൊടുത്ത പദങ്ങളുടെ കൂട്ടങ്ങളിൽ നിന്നും ശരിയായ അക്ഷരമാലാക്രമത്തിൽ എഴുതിയത് തെരഞ്ഞെടുക്കുക. (1 സ്കോർ)
(A) കാകൻ, പുലരി, ജനം, തുഷാരം (B) കാകൻ, ജനം, തുഷാരം, പുലരി
(C) പുലരി, തുഷാരം, കാകൻ, ജനം (D) തുഷാരം, ജനം, പുലരി, കാകൻ

ഉത്തരം :

7. കഥകളിയിൽ ബ്രാഹ്മണർ, ഋഷിമാർ, സ്ത്രീകൾ എന്നിവർ ഉപയോഗിക്കുന്ന വേഷം ഏത് ? (1 സ്കോർ)
(A) പച്ച (B) കത്തി (C) കരി (D) മിനുക്ക്

ഉത്തരം :

8. താഴെ കൊടുത്തവയിൽ ചന്ദ്രൻ എന്നർഥം വരാത്ത പദം ഏത് ? (1 സ്കോർ)
(A) അമ്പിളി (B) തിങ്കൾ (C) കൊണ്ടൽ (D) ഇന്ദു

ഉത്തരം :

9. താഴെ കൊടുത്തവയിൽ വാഴ എന്നുത്തരം വരുന്ന കടങ്കഥ ഏത് ? (1 സ്കോർ)

(A) തടി കണ്ടത്തിൽ, തല കല്യാണപ്പന്തലിൽ.

(B) അകത്ത് തിരിതെറുത്തു, പുറത്ത് മുട്ടയിട്ടു.

(C) ആനയെ കെട്ടാൻ തടിയുണ്ട്, ജീരകം പൊതിയാൻ ഇലയില്ല.

(D) അടി പാറ, നടു വടി, മീതെ കുട

ഉത്തരം :

10. ഓണാഘോഷത്തിന് <u>നാന്ദികുറിച്ചു</u> കൊണ്ട് തൃപ്പൂണിത്തുറയിൽ അത്തച്ചമയ ഘോഷയാത്ര നടന്നു. (1 സ്കോർ)

അടിവരയിട്ട പദത്തിന് അനുയോജ്യമായ പദം ഏത് ?

(A) അന്ത്യം (B) അങ്കം (C) സമാപനം (D) ആരംഭം

ഉത്തരം :

11. താഴെ കൊടുത്ത കവിത വായിക്കുക.

തുടർന്നുള്ള ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

**മുമ്പോട്ട്**

മാനത്തു മഞ്ഞപ്പട്ടു വിരിച്ചു
താനാനം തുള്ളും താരകളേ!

മുറ്റത്തു വന്നാലൊത്തു കളിക്കാം
ചുറ്റും നിന്നെന്റെ താരകളേ!

മിണ്ടാതെ നിന്നു പുഞ്ചിരി തൂകി-
ക്കൊണ്ടാലെന്തു ധരിക്കണം ഞാൻ ?

"മേലോട്ടേക്കല്ലേ പോകുള്ളൂ ഞങ്ങൾ
ചാലെക്കുതി" ച്ചെന്നു ചൊല്ലുന്നോ ?

ചാട്ടം തെറ്റാതെ പൊയ്ക്കൊള്ള നിങ്ങൾ
കൂട്ടത്തിൽ വൈകാതെയെത്താം ഞാൻ.

പട്ടം ഞാനൊന്നു കെട്ടിയുണ്ടാക്കി
വിട്ടാൽ നിങ്ങൾക്ക് കൂട്ടാകും.

കാലു തെറ്റിപ്പിരണ്ടു വീണാലോ
ചേലോടെൻ പട്ടം താങ്ങൂലോ.

മുമ്പോട്ടു പോകും കൂട്ടരെയിമ്മ-
ട്ടമ്പോടൊട്ടു തുണച്ചിടും ഞാൻ.

P.T.O.

(a) മുമ്പോട്ടു പോകുന്ന നക്ഷത്രക്കൂട്ടുകാരെ എങ്ങനെ സഹായിക്കാമെന്നാണ് കുട്ടി പറയുന്നത് ?

(1 സ്കോർ)

ഉത്തരം :

(b) താരകൾ മാനത്തെന്താണ് ചെയ്യുന്നത് ?

(1 സ്കോർ)

ഉത്തരം :

(c) ഈ കവിതയ്ക്ക് ഒരു ആസ്വാദനക്കുറിപ്പ് തയ്യാറാക്കുക.

(3 സ്കോർ)

ഉത്തരം :

12. താഴെക്കാണുന്ന കഥ വായിച്ച് തുടർന്നു വരുന്ന ചോദ്യങ്ങൾക്ക് ഉത്തരം എഴുതുക.

**കടലു കാണാൻ പോയ കടലൂരുകാർ**

കടലൂരിലുള്ള മൂന്ന് ബുദ്ധിമാൻമാർ കൂടി ഒരു ദിവസം കടലു കാണാൻ പോയി. കടലൂരിലുള്ളവരായിട്ടും കടലു കാണാത്തവരാണെന്ന് വന്നാലത് മോശമാണല്ലോ.

കടപ്പുറത്ത് ചെന്നപ്പോൾ ആ ബുദ്ധിമാൻമാർക്ക് ഇങ്ങനെ തോന്നി - നാം ശരിക്ക് കടലൂരുകാരാകണമെങ്കിൽ കടലു തന്നെയായിരിക്കണം നമ്മുടെ ഊര്. അതിനാൽ നമുക്ക് ഒരു വഞ്ചിയിൽ കയറി കടലിൽ ചുറ്റി സഞ്ചരിച്ച് കാലം കഴിക്കാം.
പിന്നെ സംശയമുണ്ടായില്ല.

കടപ്പുറത്ത് ചെരിച്ചിട്ടിരുന്ന ഒരു തോണി വലിച്ച് കടലിലിറക്കി അവർ മൂവരും അതിൽ ചാടിക്കയറി.

അതൊരു പഴയ ഓട്ടത്തോണിയല്ലായിരുന്നുവെങ്കിൽ, ഈ കഥ ഇവിടം കൊണ്ടവസാനിക്കില്ലായിരുന്നു.

(a) കടലൂരിലെ മൂന്ന് 'ബുദ്ധിമാൻമാർ' കടലു കാണാൻ പോയതെന്തുകൊണ്ട് ? (1 സ്കോർ)

ഉത്തരം :

(b) ബുദ്ധിമാൻമാർ കടലിൽ ഇറക്കിയ തോണിക്ക് എന്താണ് സംഭവിച്ചിട്ടുണ്ടാവുക ? (1 സ്കോർ)

ഉത്തരം :

(c) കടലൂരിലെ 'ബുദ്ധിമാൻമാരുടെ' ഈ അനുഭവം തൊട്ടടുത്ത ദിവസത്തെ പത്രത്തിൽ പ്രസിദ്ധീകരിക്കുന്നതിനായി ഒരു വാർത്ത തയ്യാറാക്കി എഴുതുക. (3 സ്കോർ)

ഉത്തരം :

# L.S.S. EXAMINATION, FEBRUARY - 2020

## (Paper - I) (Part - B)

## ENGLISH

**Total Score : 10**

- Questions **13** and **14** are included in the English section.
- The score of each question is given against it.
- Write the answers to the questions in the space provided.
- Answer **all** the questions.

**13. Read the passage and answer the following questions.**

One Sunday evening Anna was walking to the market with her aunt Arundhathi. They saw a crowd at the corner of the market. Suddenly Anna ran to the crowd. Her friend, the fat boy was holding a birdie in his hand. It was crying in pain.

"Hey.. friend, What happend to it ?" Anna asked.

"A cat pounced on it. But I saved it." the boy replied.

"Thank God !" Anna smiled.

(a) Pick out the word from the passage which means **'jumped'**. **(1 Score)**

| Answer : |
|---|

(b) Who saved the birdie from the cat ? **(1 Score)**

| Answer : |
|---|

The fat boy took Anna and Arundhathi to his house. It was a small house. There was only one room. His grandma was lying on a rubber sheet. "Oh ! What a sad scene," Anna became gloomy.

(c) Write down the diary entry of Anna on that day. **(3 Scores)**

Answer :

**14.** (a) **Riddle** **(1 Score)**

You see me in the air,

But I am not a kite.

I am curved,

But I am not a banana.

I have seven colours.

**Who am I ?**

Answer :

(b) **Rearrange the words and write a meaningful sentence in the given box.** **(1 Score)**

through/child/the crowd/ran/the

| |
|---|
| Answer : |

(c) **Add more lines to the poem.** **(3 Scores)**

*The village fair ground is really fantastic. Flying balloons, riding horses, whirling wheels, chirping birds, swaying trees, dancing flowers... Anna and the fat boy were thrilled to see the things around. They began to sing and dance.*

Happy boys are clapping hands

Joyful girls are nodding heads

Riding horses moving fast

We can sing and dance together.

..........................................................................................

..........................................................................................

..........................................................................................

..........................................................................................

# എൽ.എസ്.എസ്. പരീക്ഷ, ഫെബ്രുവരി – 2020

## (പേപ്പർ – I) (പാർട്ട് – സി)

## പൊതുവിജ്ഞാനം

ആകെ സ്കോർ :

- എല്ലാ ചോദ്യങ്ങൾക്കും ചോദ്യപേപ്പറിൽ നൽകിയിരിക്കുന്ന സ്ഥലത്ത് ഉത്തരമെഴുതേണ്ടതാണ്
- 15 മുതൽ 24 വരെയുള്ള ചോദ്യങ്ങളാണ് പൊതുവിജ്ഞാനത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്
- ഓരോ ചോദ്യത്തിനുനേരെയും സ്കോർ രേഖപ്പെടുത്തിയിട്ടുണ്ട്.

**15.** ജനുവരി 2020 - ലെ കണക്കനുസരിച്ച് ഇന്ത്യയിലെ സംസ്ഥാനങ്ങളുടെ എണ്ണം. (1 സ്കോർ)

(A) 29 (B) 28 (C) 30 (D) 27

ഉത്തരം :

**16.** മരട് നഗരസഭ സ്ഥിതിചെയ്യുന്ന ജില്ല. (1 സ്കോർ)

(A) എറണാകുളം (B) കോട്ടയം

(C) തൃശ്ശൂർ (D) ആലപ്പുഴ

ഉത്തരം :

**17.** പി. വി. സിന്ധു ഏതുകളിയുമായി ബന്ധപ്പെട്ടിരിക്കുന്നു ? (1 സ്കോർ)

(A) ഹോക്കി (B) ടെന്നിസ്

(C) ക്രിക്കറ്റ് (D) ബാഡ്മിന്റൺ

ഉത്തരം :

**18.** ദേശീയഗാനം ആലപിക്കാൻ എടുക്കുന്ന സമയം. (1 സ്കോർ)

(A) 52 സെക്കന്റ് (B) 60 സെക്കന്റ് (C) 72 സെക്കന്റ് (D) 18 സെക്കന്റ്

ഉത്തരം :

19. 2020 വർഷത്തിന്റെ അന്താരാഷ്ട്ര പ്രാധാന്യം. (1 സ്കോർ)

(A) ജൈവവൈവിധ്യ വർഷം (B) മണ്ണുവർഷം

(C) സസ്യാരോഗ്യ വർഷം (D) പ്രകാശവർഷം

ഉത്തരം :

20. 2019 ലെ 55-ാം ജ്ഞാനപീഠപുരസ്കാരം ലഭിച്ച മലയാള സാഹിത്യകാരൻ. (1 സ്കോർ)

(A) ആനന്ദ് (B) വി. ജെ. ജയിംസ്

(C) സി. രാധാകൃഷ്ണൻ (D) അക്കിത്തം

ഉത്തരം :

21. പ്രശസ്ത പക്ഷിനിരീക്ഷകനായ സാലിം അലിയുടെ ആത്മകഥയുടെ പേരെഴുതുക. (1 സ്കോർ)

ഉത്തരം :

22. കേരളത്തിലെ സ്കൂളുകളിൽ സസ്യജന്തു വൈവിധ്യങ്ങളും അനുബന്ധ സംവിധാനങ്ങളും ഒരുക്കിയ സ്ഥലത്തിനു പറയുന്ന പേര് . (1 സ്കോർ)

ഉത്തരം :

23. സമൂഹത്തിലെ തിന്മകൾ നർമരസം കലർത്തി വിമർശിക്കുന്നതിനുവേണ്ടി കുഞ്ചൻ നമ്പ്യാർ തുടക്കം കുറിച്ച കലാരൂപം. (1 സ്കോർ)

ഉത്തരം :

24. ഇന്ത്യയുടെ ചാന്ദ്രദൗത്യത്തിന്റെ പേര്. (1 സ്കോർ)

ഉത്തരം :